**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7253

16/07/2012 ൽ
മറുപടിക്ക്

**റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തുന്നതിന് മുൻപ് കരിഞ്ചന്തയിലേക്ക് കടത്തപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇപ്രകാരം റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ എന്തെല്ലാം നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ: | (ബി) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ വകുപ്പ് തലത്തിൽ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ. ഗോഡൗണുകളിൽ വിതരണ ദിവസം റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നു. അതുപോലെ റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിൽ നിന്നും എ.ആർ.ഡി.കൾക്ക് വിതരണം ചെയ്യുന്ന ദിവസങ്ങളിൽ അത് നിരീക്ഷിക്കുന്നതിനും കൃത്യമം നടക്കുന്നില്ല എന്നുറപ്പ് വരുത്തുന്നതിനും എ.ഡബ്ല്യൂ.ഡി.കളിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചുവരുന്നു. എഫ്.സി.ഐ.യിൽ നിന്നും റേഷൻ സാധനങ്ങൾ കയറ്റിപോകുന്ന വാഹനങ്ങളിൽ, നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ (റേഷൻ സാധനങ്ങളുടെ വിവരം, ലൈസൻസികളുടെ വിവരം തുടങ്ങിയവ) പതിപ്പിക്കണമെന്ന് നിഷ്കർഷിക്കുകയും ആയത് കർശനമായി പരിശോധിച്ച് |

ഉറപ്പ് വരുത്തുകയും ചെയ്തു വരുന്നു. എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുന്ന ഓരോ ലോഡും എ.ഡബ്ല്യൂ.ഡി.യിൽ എത്തിയാലുടൻ തന്നെ താലൂക്ക് സപ്ലൈ ആഫീസറെ അറിയിക്കേണ്ടതും താലൂക്ക് സപ്ലൈ ഓഫീസറുടെ അനുമതിയോടെ മാത്രമേ സ്റ്റോക്ക് ഇറക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ എങ്ങനെ പ്രയോജനപ്പെടുത്താം എന്നുള്ള കാര്യവും പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ